15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444     04-07-2022 - ൽ മറുപടിയ്ക്ക്

## തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും മികച്ച ഇടപെടലിന്റെയും തൊഴിലാളി സംഘടനകളുടെ സഹകരണത്തിന്റെയും ഫലമായി സ്ഥാപനങ്ങളുടെ നിലനില്പിനും വളർച്ചക്കും അനുഗുണമായവിധത്തിൽ തൊഴിൽ രംഗത്തെ അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കാനായിട്ടുണ്ടോ; | (എ) | എ) സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് തൊഴിലാളികൾക്കിടയിൽ പ്രചരണം നടത്തിയത് വഴിയും തൊഴിലാളി സംഘടനകളുമായുള്ള ചർച്ചയുടെ ഫലമായും നോക്കുകൂലി സമ്പ്രദായം നിയന്ത്രിക്കാൻ സാധിച്ചിട്ടിട്ടുണ്ട്. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉടലെടുക്കുമ്പോൾ തന്നെ തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിക്കുകയും പ്രശ്ന പരിഹാരത്തിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യാറുണ്ട്. |
| (ബി) | സംസ്ഥാനത്ത് മികച്ച നിക്ഷേപക അനുകൂലാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടപ്പോഴും കേന്ദ്ര സർക്കാർ നയങ്ങൾ സൃഷ്ടിച്ച അവസരം മുതലെടുത്ത് ഒരു വിഭാഗം നിക്ഷേപകർ ചുമട്ട് തൊഴിലാളികളുടെ തൊഴിലും തൊഴിൽ അവകാശങ്ങളും നിഷേധിക്കുന്ന പ്രവണത ഇല്ലാതാക്കാൻ തൊഴിൽ വകുപ്പ് ഇടപെടൽ നടത്തുന്നുണ്ടോ; | (ബി) | ബി) ഉണ്ട്. |
| (സി) | മികച്ച തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നതിലെ പുരോഗതി അറിയിക്കാമോ? | (സി) | സി) കേരളത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളെ തൊഴിൽ ദാതാവ് സംതൃപ്തരായ തൊഴിലാളികൾ, മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ വികസന പങ്കാളിത്തം, സ്ത്രീ സൗഹൃദം, തൊഴിലാളികളുടെ ക്ഷേമം, തൊഴിലിടങ്ങളിലെ സുരക്ഷ, എന്നീ മാനദണ്ഡങ്ങളെ ആസ്പദമാക്കി സ്ഥാപനങ്ങൾ വജ്ര, സുവർണ്ണ, എന്നിങ്ങനെ ഗ്രേഡുകൾ നൽകുന്നത്, 2020 വർഷത്തെ ഗ്രേഡിംഗിംന് 1361 അപേക്ഷകളിൽ നിന്ന് 93 സ്ഥാപനങ്ങൾക്ക് വജ്ര അവാർഡും, 117 സ്ഥാപനങ്ങൾക്ക് സുവർണ്ണ അവാർഡും നൽകി. വജ്ര അവാർഡ് നേടിയ സ്ഥാപനങ്ങളിൽ പ്രത്യേക പരിശോധന വഴി 8 സ്ഥാപനങ്ങൾക്ക് ബഹ. |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ